(ബി) 39,87,626 രൂപ താഴെക്കൊടുത്തിരിക്കുന്ന ഇനങ്ങൾ വാങ്ങാനായി ചെലവഴിച്ചു:

1. സിംഗിൾ കളർ ഓഫ്സെറ്റ് മെഷീൻ 1 എണ്ണം — 20,50,479 രൂപ
2. ആട്ടോമാറ്റിക് കട്ടിംഗ് മെഷീൻ 1 എണ്ണം — 14,25,213 രൂപ
3. യു. പി. എസ്.-1, കമ്പ്യൂട്ടർ-3, പ്രിന്റർ - 1 ഉൾപ്പെടെയുള്ള ഡി. റ്റി. പി. ഉപകരണങ്ങൾ — 4,91,934 രൂപ
4. കമ്പ്യൂട്ടർ മേശകളും കസേരകളും — 20,000 രൂപ.

(സി) ഡി. പി. സി. ശുപാർശ ചെയ്ത യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) 2005-2006 ബഡ്ജറ്റിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണത്തിനായും മുൻവർഷം വാങ്ങിയ മെഷീനുകളുടെ ബാക്കി തുക നൽകുന്നതിനും ആധുനിക സാങ്കേതികവിദ്യയിൽ സ്റ്റാഫിന് പരിശീലനം നൽകുന്നതിനും ജനറേറ്ററും കണ്ടയ്നർ വാഹനം വാങ്ങുന്നതിനും ഉൾപ്പെടെ മൊത്തം 225 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1942, 1943, 1944 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

വിദേശകമ്പനികൾ ഏറ്റെടുത്തിട്ടുള്ള മത്സ്യസംസ്കരണ ഫാക്ടറി

112 [1945] *ശ്രീ. പി. ജെ. ജോയി:*
„ *കെ. മോഹൻകുമാർ:*
„ *കെ. എ. ചന്ദ്രൻ:*
„ *സി. പി. മുഹമ്മദ്:*
„ *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും മത്സ്യസംസ്കരണ ഫാക്ടറികൾ വിദേശ കമ്പനി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം ഏറ്റെടുത്തു;

(ബി) ഏതെങ്കിലും വിദേശകമ്പനി സംസ്ഥാനത്ത് മത്സ്യസംസ്കരണ ഫാക്ടറി ആരംഭിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം വിദേശകമ്പനികളാണ് സംസ്ഥാനത്തുള്ള മത്സ്യസംസ്കരണ ഫാക്ടറികൾ ഏറ്റെടുക്കുകയോ പുതിയ ഫാക്ടറികൾ ആരംഭിക്കുകയോ ചെയ്തിട്ടുള്ളത്;

GPM. 2/566/2012—20

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തുള്ള മത്സ്യസംസ്കരണ ഫാക്ടറികൾ പൂർണ്ണമായും ഏറ്റെടുക്കുകയോ അവയിൽ പങ്കാളിത്തം നേടുകയോ ചെയ്ത വിദേശകമ്പനികൾ മത്സ്യം സംസ്കരിക്കാതെ കയറ്റി അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം എത്ര തൊഴിലവസരങ്ങൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്?

ഉത്തരം

(എ) ഏറ്റെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) മത്സ്യസംസ്കരണ മേഖലയിൽ വിദേശകമ്പനികൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരളതീരത്ത് അന്യസംസ്ഥാന മത്സ്യബന്ധനയാനങ്ങൾ

113 [1946] *ശ്രീ. കെ. സി. ജോസഫ്:*

„ *കെ. മോഹൻകുമാർ:*

„ *ടി. എൻ. പ്രതാപൻ:*

„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടൽഭാഗങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സ്യബന്ധനയാനങ്ങൾ മീൻപിടിക്കുന്നുണ്ടോ;

(ബി) എങ്കിൽ സീസണലായാണോ സ്ഥിരമായാണോ മീൻ പിടിക്കുന്നത്;

(സി) അന്യസംസ്ഥാനങ്ങളിൽനിന്നുള്ള എത്ര മത്സ്യബന്ധനയാനങ്ങൾ കേരളതീരത്ത് മൺസൂൺകാലത്ത് മീൻ പിടിക്കുന്നുണ്ട്;

(ഡി) ഇവ സംസ്ഥാനത്തെ തുറമുഖങ്ങളിൽ അടുക്കാറുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സീസണലായാണ് മീൻ പിടിക്കുന്നത്.

(സി) ട്രോൾ ബാൻ ഒഴിച്ചുള്ള മറ്റു കാലങ്ങളിൽ സീസണലായി ഏകദേശം 500 യന്ത്രവൽക്കൃത ബോട്ടുകൾ മീൻ പിടിക്കുന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly